# കേരളകാർഷികസർവ്വകലാശാല

## കാർഷികകാലാവസ്ഥാശാസ്ത്രപഠന വിഭാഗം

## ഹോർട്ടികൾച്ചർകോളേജ്,വെള്ളാനിക്കര

**Email: cohagmet@kau.in&kauagmet@yahoo.co.in**


**കാർഷികകാലാവസ്ഥനിർദ്ദേശക ബുള്ളറ്റിൻ**

## തൃശ്ശൂർ ജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എ.എസ് 41/2018(82), വെള്ളിയാഴ്ച** — **തീയ്യതി 12.10.2018**

**പ്രളയ ബാധിത മേഖലകളിൽ ഈ ബുള്ളറ്റിനിലെ കാർഷിക നിർദ്ദേശങ്ങൾ പ്രായോഗികമല്ല.**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച വെള്ളാനിക്കരയിൽ 106.8 മി.മീ മഴ ലഭിച്ചു. ഏറ്റവും ഉയർന്നതാപനില 32.0 മുതൽ 34.0 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 22.6 മുതൽ 25.2 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 80 മുതൽ 96 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 63 മുതൽ 81 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 0.5 മുതൽ 7.5 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 0.4 മുതൽ 8.9 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 1.8 മുതൽ 3.7 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 13.10.2018 | 14.10.2018 | 15.10.2018 | 16.10.2018 | 17.10.2018 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 4 | 5 | 6 | 0 | 12 |
| ഉയർന്ന താപനില (°C) | 33.4 | 33.2 | 33.4 | 33.2 | 33.0 |
| കുറഞ്ഞ താപനില (°C) | 24.6 | 24.2 | 24.4 | 24.6 | 24.0 |
| മേഘവ്യാപ്തി (ഒക്ട) | 6 | 6 | 6 | 6 | 6 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത(%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 006 | 006 | 006 | 006 | 006 |
| കാറ്റിന്റെദിശ (ഡിഗ്രി) | 250 | 250 | 250 | 250 | 250 |
| ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ പ്രവചനമനുസരിച്ച് തൃശ്ശൂർ ജില്ലയിൽ വരും ദിവസങ്ങളിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. | | | | | |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| നെല്ല് | കൊയ്ത്തു പരുവം | - | വിരിപ്പു കൃഷി കൊയ്ത്തു പരുവത്തിലാണ്. മുണ്ടകൻ കൃഷി ഇറക്കുന്ന പാടങ്ങളിൽ നിലം ഒരുക്കൽ ആരംഭിക്കാം. |
| തെങ്ങ് | - | കൊമ്പൻ ചെല്ലി | തെങ്ങിൽ കൊമ്പൻ ചെല്ലിയുടെ ആക്രമണം കാണുവാൻ സാധ്യതയുണ്ട്. തെങ്ങിന്റെ മണ്ട നന്നായി വൃത്തിയാക്കിയ ശേഷം കാർട്ടാപ്പ് ഹൈഡ്രോക്ലോറൈഡ് 4G-20ഗ്രാം, 200 ഗ്രാം മണലുമായി ചേർത്തതോ ഫിപ്രോനിൽ 0.3G-20 ഗ്രാം മണലുമായി ചേർത്ത മിശ്രിതമോ കൂമ്പോലയുടെ ചുറ്റുമുള്ള രണ്ടോ മൂന്നോ ഇലക്കവിളുകളിൽ നന്നായി നിറയ്ക്കുക. വർഷത്തിൽ മൂന്നു പ്രാവശ്യമെങ്കിലും ആവർത്തിക്കേണ്ടതാണ്. (ജനുവരി, മെയ്, സെപ്റ്റംബർ/ഒക്ടോബർ) |
| വാഴ | - | ഇലത്തീനിപ്പുഴു | വാഴയിൽ ഇലത്തീനിപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. പുഴുവിന്റെ ആക്രമണം ബാധിച്ച വാഴയുടെ ഇലകൾ പുഴുവിനോട് കൂടി തന്നെ നശിപ്പിച്ച് കളയുക. ആക്രമണം അധികമായാൽ 2 മില്ലി ക്വിനാൽഫോസ് 1 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 3 മില്ലി ക്ലോറാൻട്രാനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| മൃഗസംരക്ഷണം | • കന്നുകാലികളെ രാവിലെ 10 മണി മുതൽ 3 മണി വരെ ഉള്ള സമയങ്ങളിൽ തുറസായ സ്ഥലങ്ങളിൽ മേയാൻ വിടുന്നത് ഒഴിവാക്കുക.<br>• പൂപ്പൽ വിഷബാധ തടയുന്നതിനായി കാലിത്തീറ്റ ഇടയ്ക്കിടെ വെയിലത്തിട്ട് ഉണക്കുക.<br>• വിരമരുന്നുകളും പ്രതിരോധ കുത്തിവെപ്പുകളും യഥാസമയം നൽകുക.<br>**(സി.എ.എ.ഡി.ഇ.സി.സി.എസ്., കെ.വി.എ.എസ്.യു., മണ്ണുത്തി)** | | |